ഉത്തരം

(എ) 30-10-2002-ലെ ജി.ഒ.(പി)208/2002/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് 'കേരള വികസന പദ്ധതി' എന്ന് പേര് സ്വീകരിച്ചത്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മേലിൽ ഇപ്രകാരം സംഭവിക്കാതിരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓംബുഡ്സ്മാനിൽ പരാതി നൽകിയതിനെത്തുടർന്ന് നടത്തിയ വിധിന്യായം

99 (3053) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ ഒരംഗം, പഞ്ചായത്ത് നൽകിയ ലൈസൻസിന് വിരുദ്ധമായി അനധികൃത നിർമ്മാണം നടത്തിയെന്ന് കാണിച്ച് ഓംബുഡ്സ്മാനിൽ നൽകിയ പരാതിയിൽ പരാതിക്കാരനെ അയോഗ്യനാക്കിക്കൊണ്ടും പതിനായിരം രൂപ പിഴയിട്ടുകൊണ്ടും ഓംബുഡ്സ്മാൻ വിധി പ്രസ്താവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവിറക്കുകയോ അപ്പീൽ പോകുവാൻ ഉദ്ദേശിക്കുകയോ ചെയ്യാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപ്പീൽ പോകുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ വിവാഹത്തിന് ധനസഹായം

100 (3054) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകളുടെ വിവാഹത്തിന് തദ്ദേശസ്വയംഭരണ വകുപ്പുവഴി വിതരണം ചെയ്തിരുന്ന ധനസഹായം രണ്ടു വർഷമായി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) പട്ടികജാതി വികസന വകുപ്പിൽ നിന്നാണ് ഇത്തരം ധനസഹായങ്ങൾ അനുവദിക്കുന്നത്.

മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ നൽകുന്നതിന് നടപടി

101 (3055) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുവദിച്ച വീടുകൾ പഞ്ചായത്തുകൾ നിയമപരമായി അംഗീകരിച്ച് നമ്പരിടാത്തതിന്റെ ഫലമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ബാങ്കുകളിൽ നിന്ന് അടിയന്തിര ഘട്ടങ്ങളിൽ ലോണെടുക്കുന്നതിനും സാധിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വടകര മണ്ഡലത്തിൽ കടലിൽ നിന്ന് ഒരേദൂരം പാലിച്ച് പണികഴിപ്പിച്ച മുനിസിപ്പാലിറ്റിയിലെ വീടുകൾക്ക് നമ്പർ ലഭിക്കുകയും ചോറോട്, അഴിയൂർ എന്നീ പഞ്ചായത്തുകളിലെ ചില വീടുകൾക്ക് നമ്പർ ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ വൈരുദ്ധ്യംമൂലം വളരെക്കാലമായി മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് അടിയന്തിര പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി കണക്ഷൻ ബാങ്ക് വായ്പ ഇവ ലഭിക്കുന്നതിന് എന്തെങ്കിലും താൽക്കാലിക നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ ഉള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ പ്രസ്തുത നിയമങ്ങൾക്കനുസൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും നമ്പർ നൽകുന്നുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി പിരിക്കുന്നതിനായി അവ പൊളിച്ചുമാറ്റുന്നതുവരെ താൽക്കാലിക നമ്പർ നൽകാവുന്നതാണ്.

(ബി) മുനിസിപ്പാലിറ്റിയും പഞ്ചായത്തും കോസ്റ്റൽ സോൺ റഗുലേഷൻ പ്രകാരം വ്യത്യസ്ത മേഖലകളിലാണ്. കോസ്റ്റൽ റഗുലേഷൻ കേന്ദ്ര ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെട്ടതാകയാൽ കേന്ദ്രഗവൺമെന്റിനു മാത്രമേ ഇക്കാര്യം പുനഃപരിശോധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(സി) ഇക്കാര്യം വൈദ്യുതി ബോർഡും ബാങ്കുകളുമാണ് തീരുമാനിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly